**വനം വകുപ്പ് ആസ്ഥാനത്തെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ**
**നടപടി ഉത്തരവ്**

**ഹാജർ: പ്രസീന എൻ.**

വിഷയം :- കേരള വനം വകുപ്പ് – ജീവനക്കാര്യം – ക്ലാർക്കുമാർക്ക് സീനിയർ ക്ലാർക്കുമാരായി സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന :-
1. സ.ഉ. (പി) നമ്പർ 05/89/P&ARD തീയതി 16-05-1989.
2. തൃശ്ശൂർ സെൻട്രൽ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 08-01-2026 -ലെ KFDCC/904/2025-E2 നമ്പർ ഉത്തരവ്.
3. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)ടെ 22-12-2025 -ലെ ഇ3-188/2025 നമ്പർ ഉത്തരവ്.
4. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)ടെ 13-02-2026-ലെ ഇ3-1233/2026 നമ്പർ ഉത്തരവ്.
5. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)ടെ 20-02-2026-ലെ ഇ3-1233/2026 നമ്പർ ഉത്തരവ്.
6. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ടെ 16-12-2025 തീയതിയിലെ ഇ5-3313/2024 നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച, ക്ലാർക്കുമാരുടെ 01.07.2024 തിയതി പ്രാബല്യത്തിലുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റ്.

**ഉത്തരവ് നമ്പർ ഇ3-1905/2026 തീയതി : 12-03-2026**

തൃശ്ശൂർ സെൻട്രൽ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ സൂചന (2) ഉത്തരവ് പ്രകാരം, എറണാകുളം ഫ്ലയിംഗ് സ്ക്വാഡ് ഡിവിഷനിലെ സീനിയർ ക്ലാർക്ക് ശ്രീ ജാഫർ ടി. എസ്. - ന 31.01.2026 തീയതി പ്രാബല്യത്തിൽ സേവനത്തിൽ നിന്നും സ്വയം വിരമിക്കുന്നതിനു അനുമതി നൽകിയതിലൂടെയും, സൂചന (3), (4), (5) ഉത്തരവുകളിലൂടെ 5 സീനിയർ ക്ലാർക്കുമാർക്ക് ഹെഡ് അക്കൗണ്ടന്റുമാരായി സ്ഥാനക്കയറ്റം ലഭിച്ചതിലൂടെയും വനം വകുപ്പിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ 6 ഒഴിവുകൾ നിലവിലുണ്ട്. സൂചന (6) സീനിയോരിറ്റി ലിസ്റ്റ് പ്രകാരം സീനിയർ ക്ലാർക്കുമാരായി സ്ഥാനക്കയറ്റത്തിന് യോഗ്യത നേടിയ ചുവടെ പേരുപറയുന്ന ക്ലാർക്കുമാരെ (പട്ടിക-1) കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 28 (ബിബിബി) പ്രകാരമുള്ള വ്യവസ്ഥകൾക്കും 10-03-2024-ലെ 524/ആർ1/2014/P&ARD നമ്പർ സർക്കാർ സർക്കുലർ നിർദ്ദേശങ്ങൾക്കും വിധേയമായി 35600-75400 രൂപ ശമ്പള സ്കെയിലിൽ ടിയാളുകളുടെ പേരിന് നേരെ രേഖപ്പെടുത്തിയിട്ടുള്ള തീയതി പ്രാബല്യത്തിൽ സീനിയർ

ക്ലാർക്കുമാരായി സ്ഥാനക്കയറ്റം നൽകിക്കൊണ്ട്  ഉത്തരവാകുന്നു.

<u>പട്ടിക -1</u>

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര്, PEN, ഓഫീസ് | സീനിയോരിറ്റി ലിസ്റ്റിലെ ക്രമനമ്പർ | പ്രൊബേഷൻ ഡിക്ലയർ ചെയ്ത തീയതി | ടെസ്റ്റ് യോഗ്യത നേടിയ തീയതി | പ്രാബല്യ തീയതി |
|---|---|---|---|---|---|
| 1. | ശ്രീ. ടൈറ്റസ് പി. ആർ. (PEN : 768013) നടുവത്തുമൂഴി റെയിഞ്ച് | 89 | 27-02-2018 | 26-06-2025 | 22-12-2025 |
| 2. | ശ്രീമതി രജനി ടി. കെ. (PEN : 319597) കണ്ണൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ | 37 | 18-12-2010 | 10-01-2026 (50 വയസ്സ്) | 01-02-2026 |
| 3. | ശ്രീമതി സ്മിത കെ. എൻ. (PEN : 798620) തൃശ്ശൂർ ഡിവിഷൻ | 118 | 27-03-2019 | 21-06-2023 | 13-02-2026 |
| 4. | ശ്രീമതി സോണിയ പി. സി. (PEN : 798469) O/oചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (WP & R) വനം വകുപ്പ് ആസ്ഥാനം തിരുവനന്തപുരം | 119 | 10-03-2019 | 09-01-2025 | 13-02-2026 |
| 5. | ശ്രീമതി ഏയ്ഞ്ചൽ ജോർജ് (PEN : 280488) കുട്ടമ്പുഴ റേഞ്ച് | 120 | 20-04-2019 | 11-01-2022 | 13-02-2026 |
| 6. | ശ്രീമതി സൗമ്യ വി (PEN : 800465) O/o പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് , വനം വകുപ്പ് ആസ്ഥാനം തിരുവനന്തപുരം | 122 | 11-04-2019 | 17-01-2024 | 20-02-2026 |

മുകളിൽ പരാമർശിക്കുന്ന ജീവനക്കാർ ഇപ്പോൾ ജോലി നോക്കുന്ന ഓഫീസിലെ ക്ലാർക്ക്

തസ്തികകൾ സീനിയർ ക്ലാർക്ക് തസ്തികകളായി ഉയർത്തി ആ ഓഫീസിൽ തുടരാൻ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

വനം വകുപ്പിലെ ക്ലാർക്ക്/ സീനിയർ ക്ലാർക്ക് തസ്തികകളുടെ അനുപാതം1 : 1 ആയി ക്രമീകരിക്കുന്നതിന് താഴെപ്പറയുന്ന ഓഫീസുകളിലെ സീനിയർ ക്ലാർക്ക് തസ്തിക ക്ലാർക്ക് തസ്തികയായി താഴ്ത്തിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

<u>പട്ടിക -2</u>

| ക്രമ നമ്പർ | ഓഫീസിന്റെ പേര് | തസ്തികയുടെ എണ്ണം | അഭിപ്രായം |
|---|---|---|---|
| 1. | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഹൈറേഞ്ച് സർക്കിൾ കോട്ടയം | 1 | ഒരു സീനിയർ ക്ലാർക്കിന് ഹെഡ് അക്കൗണ്ടന്റായി പ്രൊമോഷൻ ലഭിച്ചതുമൂലം |
| 2. | തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷൻ | 1 | ഒരു സീനിയർ ക്ലാർക്കിന് ഹെഡ് അക്കൗണ്ടന്റായി പ്രൊമോഷൻ ലഭിച്ചതുമൂലം |
| 3. | ഡെപ്യൂട്ടി ഡയറക്ടർ ഈസ്റ്റ് ഡിവിഷൻ തേക്കടി | 1 | ഒരു സീനിയർ ക്ലാർക്കിന് ഹെഡ് അക്കൗണ്ടന്റായി പ്രൊമോഷൻ ലഭിച്ചതുമൂലം |
| 4. | റാന്നി ഡിവിഷൻ | 1 | ഒരു സീനിയർ ക്ലാർക്കിന് ഹെഡ് അക്കൗണ്ടന്റായി പ്രൊമോഷൻ ലഭിച്ചതുമൂലം |
| 5. | ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ | 1 | ഒരു സീനിയർ ക്ലാർക്കിന് ഹെഡ് അക്കൗണ്ടന്റായി പ്രൊമോഷൻ ലഭിച്ചതുമൂലം |
| 6. | എറണാകുളം സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ | 1 | ഒരു സീനിയർ ക്ലാർക്ക് 31-01-2026-ൽ സർവ്വീസിൽ നിന്നും സ്വയം വിരമിച്ചതുമൂലം |

മുകളിൽപ്പറഞ്ഞ ക്ലാർക്കുമാർക്ക് സീനിയർ ക്ലാർക്കുമാരായി പ്രൊമോഷൻ നൽകിയതുവഴി ക്ലാർക്ക് തസ്തികയിൽ ഉണ്ടായ ഒഴിവുകളിൽ പ്രതീക്ഷിത ഒഴിവായി കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തവ ഒഴികെയുള്ളവ പബ്ലിക്ക് സർവ്വീസ് കമ്മീഷന് ബന്ധപ്പെട്ട നിയമനാധികാരികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ആസ്ഥാന ഒഴിവിൽ നിയമിതരായവരുടെ മാതൃജില്ലയിലേയ്ക്കുള്ള സ്ഥലംമാറ്റ അപേക്ഷ, താഴ്ന്ന ശമ്പള സ്കെയിലിലുള്ള ജീവനക്കാർക്ക് തസ്തികമാറ്റം അനുവദിക്കുന്നതിനായുള്ള ഒഴിവുകൾ, ആശ്രിത നിയമനത്തിനായി മാറ്റിവച്ചിട്ടുള്ള

ഒഴിവുകൾ, അന്തർജില്ല/ അന്തർവകുപ്പ് സ്ഥലംമാറ്റത്തിനായി ലഭിച്ച അപേക്ഷകൾ പരിഗണിക്കുന്നതിനുള്ള ഒഴിവുകൾ എന്നിവ ഒഴികെയുള്ള ഒഴിവുകൾ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്താൽ മതിയാകും.

Digitally signed by
N PRASEENA
Date: 12-03-2026
11:15:28

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

To,

**വ്യക്തികൾക്ക് മേലധികാരി മുഖേന നൽകുന്നു.**

പകർപ്പ് :
1. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്.
2. എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
3. എല്ലാ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
4. എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
5. എല്ലാ ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
6. എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും/
   ഡെപ്യൂട്ടി ഡയറക്ടർമാർക്കും/
   എല്ലാ വൈൽഡ് ലൈഫ് വാർഡൻമാർക്കും/
   ഡയറക്ടർ, SFTI, അരിപ്പ/ വാളയാർ/
   എല്ലാ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/
   എല്ലാ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/
   എല്ലാ വർക്കിംഗ് പ്ലാൻ ഓഫീസർമാർക്കും.
7. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇൻഫർമേഷൻ ടെക്നോളജി)ക്ക് വനം വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി നൽകുന്നു.